REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 16-02-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **ഘടനാപരമായ പരിഷ്കാരങ്ങളും നൂതനാശയ ശാക്തീകരണവും ലളിതമായ ഭരണ നിർവഹണവുമാണ് വരും ദശകത്തിൽ രാജ്യത്തിന്റെ മുൻഗണനകളെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ഇന്ത്യ AI ഇംപാക്ട് ഉച്ചകോടി 2026-ന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. വൈകിട്ട് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.**
- **കോട്ടയം മെഡിക്കൽ കോളേജിൽ 283 കോടി 60 ലക്ഷം രൂപയുടെ പദ്ധതികൾക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തുടക്കം കുറിക്കും.**
- **രാജ്യമെങ്ങും ഭക്തർ മഹാശിവരാത്രി ആഘോഷിച്ചു.**
- **സംസ്ഥാനത്ത് SSLC മോഡൽ പരീക്ഷ ഇന്നാരംഭിക്കും.**
- **ICC പുരുഷ ട്വന്റി - 20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ, പാകിസ്ഥാനെ പരാജയപ്പെടുത്തി.**

## വാർത്തകൾ വിശദമായി

കൂടുതൽ ഘടനാപരമായ പരിഷ്കാരങ്ങളും, നൂതനാശയങ്ങളെ ശക്തിപ്പെടുത്തലും ലളിതമായ ഭരണനിർവഹണവുമാണ് വരും ദശകത്തിലെ രാജ്യത്തിന്റെ മൂന്ന് മുൻഗണനകളെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഗവണ്മെന്റിന്റെ 'റിഫോം എക്സ്പ്രസ്', രാജ്യത്തെ സാധാരണ പൗരന്മാർക്ക് വലിയ രീതിയിൽ ഗുണം ചെയ്യുന്നതായും പ്രധാനമന്ത്രി വാർത്താ ഏജൻസിയ്ക്ക് നൽകിയ പ്രത്യേക അഭിമുഖത്തിൽ വ്യക്തമാക്കി.

ഡെസ്ക് റിപ്പോർട്ട്.

...........(വോയ്സ്)...........

വികസിത രാഷ്ട്രത്തിലേക്ക് ഇന്ത്യ നടത്തുന്ന മുന്നേറ്റത്തെ പ്രതിഫലിപ്പിക്കുന്നതാണ് ഈ വർഷത്തെ കേന്ദ്ര ബജറ്റെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഒരു ദശാബ്ദക്കാലത്തെ രാജ്യരക്ഷാ പരിഷ്കാരങ്ങളുടെ നേട്ടങ്ങൾ ഓപ്പറേഷൻ സിന്ദൂറിലൂടെ പ്രകടമായതായി പ്രധാനമന്ത്രി വ്യക്തമാക്കി. സുരക്ഷാ വെല്ലുവിളികളെ നേരിടാൻ രാജ്യം എപ്പോഴും തയ്യാറായിരിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ആഗോളതലത്തിൽ സുപ്രാധാന പങ്കുവഹിക്കുന്ന രാജ്യമെന്ന നിലയിൽ നിലവിലെ യാഥാർത്ഥ്യങ്ങൾക്കനുസൃതമായി രാജ്യരക്ഷാ രംഗം നവീകരിക്കേണ്ട കടമ ഇന്ത്യയ്ക്കുണ്ടെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി. ബജറ്റിൽ പ്രതിരോധ മേഖലയ്ക്ക് അനുവദിച്ച തുക മുൻ ബജറ്റിനേക്കാൾ 15 ശതമാനം കൂടുതലാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

വികസിത ഭാരത സൃഷ്ടിയിൽ സ്ത്രീകൾ സുപ്രധാന പങ്കുവഹിക്കുമെന്നും ഗവൺമെന്റ് സംരംഭങ്ങൾ രാജ്യത്തെ സ്ത്രീകളെ ശാക്തീകരിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

ശക്തമായ ഉൽപ്പാദനവും സേവനങ്ങളും സംരംഭങ്ങളും കരുത്തുറ്റ നിലയിൽ വ്യാപാര കരാറുകൾ ചർച്ച ചെയ്യാൻ ഇന്ത്യയെ പ്രാപ്തമാക്കിയതായി പ്രധാനമന്ത്രി അഭിമുഖത്തിൽ പറഞ്ഞു.

✪✪✪

ഇന്ത്യ AI ഇംപാക്ട് ഉച്ചകോടി 2026-ന്, ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. വൈകിട്ട് അഞ്ചിന് ഭാരത് മണ്ഡപത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉച്ചകോടി ഉദ്ഘാടനം ചെയ്യും. ഗ്ലോബൽ സൗത്ത് രാഷ്ട്രങ്ങളിൽ സംഘടിപ്പിക്കുന്ന പ്രഥമ ആഗോള AI ഉച്ചകോടിയാണിത്. ഉച്ചകോടിയുടെ ഭാഗമായി ഒരുക്കുന്ന AI ഇംപാക്ട് പ്രദർശനം, രാജ്യത്തെ നിർമിതബുദ്ധിയുടെ പ്രായോഗിക പ്രവർത്തനങ്ങൾ ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കും.

ന്യൂസ്ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ...

............(വോയ്സ്) ...........

ജനങ്ങൾ, ഭൂമി, പുരോഗതി എന്നീ മൂന്ന് അടിസ്ഥാന പ്രമേയങ്ങളിലൂന്നി സംഘടിപ്പിക്കുന്ന  പ്രത്യേകം സജ്ജീകരിച്ച 300  പവലിയനുകളും തത്സമയ പ്രദർശനങ്ങളും ഉച്ചകോടിയുടെ ഭാഗമായി സജ്ജീകരിക്കും. AI രംഗത്തെ 600-ലേറെ മികച്ച സ്റ്റാർട്ടപ്പുകളും വിവിധ രാജ്യങ്ങളുടെ 13 പവലിയനുകളും ഉച്ചകോടിയുടെ ഭാഗമാകും. ആഗോള സാങ്കേതിക ശക്തികളെയും സ്റ്റാർട്ടപ്പുകളെയും വിദ്യാഭ്യാസ സംരംഭങ്ങളെയും ഗവേഷണ സ്ഥാപനങ്ങളെയും കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകളെയും അന്താരാഷ്ട്ര പങ്കാളികളെയും ഒരുമിച്ചു ചേർക്കുന്ന ഉച്ചകോടി AI രംഗത്തെ ഇന്ത്യയുടെ പുതിയ ചുവടുവെയ്പ്പാണ്. ഇരുപത് രാജ്യങ്ങളിൽ നിന്ന് ലോക നേതാക്കളും 45-ലധികം രാജ്യങ്ങളിലെ മന്ത്രിതല പ്രതിനിധികളും ഉച്ചകോടിയിൽ പങ്കെടുക്കും. UN സെക്രട്ടറി ജനറലും വിവിധ അന്താരാഷ്ട്ര സംഘടനകളിലെ മുതിർന്ന ഉദ്യോഗസ്ഥരും ചർച്ചകളിൽ പങ്കുചേരും.

മനുഷ്യ മൂലധനം, സാമൂഹ്യ ശാക്തീകരണത്തിന് ഉൾച്ചേർക്കൽ, സുരക്ഷിതവും വിശ്വസനീയവുമായ AI, ശാസ്ത്രവും പ്രതിരോധവും നൂതനാശയങ്ങളും, കാര്യക്ഷമത, AI വിഭവങ്ങളുടെ ജനാധിപത്യവൽക്കരണം, സാമ്പത്തിക വികസനത്തിനും സാമൂഹ്യ നന്മയ്ക്കും AI എന്നീ ഏഴ് ആശയങ്ങളെ അടിസഥാനമാക്കി അഞ്ചു ദിവസത്തെ ചർച്ചകൾ പുരോഗമിക്കും. രണ്ട് ലക്ഷത്തിലധികം പേരാണ് ഉച്ചകോടിയ്ക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്തിരിക്കുന്നത്.

✪✪✪

കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയുടെ നാല് ദിവസത്തെ ഓസ്ട്രേലിയൻ സന്ദർശനം ഇന്നാരംഭിക്കും. രാജ്യരക്ഷാ രംഗത്തെ ഇന്ത്യ-ഓസ്ട്രേലിയ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുകയാണ് സന്ദർശനത്തിന്റെ ലക്ഷ്യമെന്ന് രാജ്യരക്ഷാ  മന്ത്രാലയം അറിയിച്ചു.

പരിശീലനം, സംയുക്ത അഭ്യാസങ്ങൾ, പ്രൊഫഷണൽ കൈമാറ്റങ്ങൾ, ശേഷി വർദ്ധന എന്നിവയുൾപ്പെടെ ഇരുസൈന്യങ്ങളും തമ്മിലെ ഇടപെടലുകൾ മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, ഓസ്ട്രേലിയൻ പ്രതിരോധസേന നേതൃത്വവുമായി, കരസേനാ മേധാവി സന്ദർശന വേളയിൽ ആശയവിനിമയം നടത്തും.

✪✪✪

സംസ്ഥാനങ്ങളിലെയും, കേന്ദ്രഭരണ പ്രദേശങ്ങളിലെയും സഹകരണ മന്ത്രിമാരുടെ ഉന്നതതല യോഗം നാളെ ഗുജറാത്തിലെ ഗാന്ധിനഗറിൽ ചേരും. സഹകരണ മേഖലയിലെ പരിഷ്കാരങ്ങളും, വിപുലീകരണ പദ്ധതികളും അവലോകനം ചെയ്യുന്ന 'മന്ഥൻ ബൈഠക്" യോഗത്തിൽ കേന്ദ്രമന്ത്രി അമിത്ഷാ അധ്യക്ഷനാകും.

സംസ്ഥാനങ്ങളിലെ സഹകരണ മന്ത്രിമാർ, അഡീഷണൽ ചീഫ് സെക്രട്ടറിമാർ, പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ തുടങ്ങിയ ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുക്കും. സഹകരണ മന്ത്രാലയം ഏറ്റെടുത്ത പ്രധാന സംരംഭങ്ങളുടെ പുരോഗതി, യോഗം വിലയിരുത്തും. കയറ്റുമതി പിന്തുണ, ജൈവകൃഷി പ്രോത്സാഹനം, ഗുണനിലവാര വിത്തുകളുടെ വിതരണം കാര്യക്ഷമമാക്കൽ എന്നിവയ്ക്കായി രൂപീകരിച്ച, ദേശീയതല സഹകരണ സ്ഥാപനങ്ങളിലെ സംസ്ഥാന പങ്കാളിത്തം യോഗം ചർച്ച ചെയ്യും.

✪✪✪

കോട്ടയം മെഡിക്കൽ കോളേജിൽ 283 കോടി 60 ലക്ഷം രൂപയുടെ പദ്ധതികൾക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തുടക്കം കുറിക്കും. സർജിക്കൽ ബ്ലോക്ക്, കാത്ത്ലാബ്, സ്കിൻബാങ്ക്, മാതൃ- ശിശു പരിചരണ വിഭാഗം, ലാക്ടേഷൻ മാനേജ്മെന്റ് സെന്റർ തുടങ്ങിയവ പദ്ധതികളിൽ ഉൾപ്പെടുന്നു.

കിഫ്ബിയിലൂടെ 257 കോടി രൂപ ചെലവഴിച്ചാണ്, സർജിക്കൽ ബ്ലോക്ക് സജ്ജമാക്കിയത്. സംസ്ഥാനത്തെ രണ്ടാമത്തെ സ്കിൻ ബാങ്കാണ് പ്രവർത്തനമാരംഭിക്കുന്നത്.

✪✪✪

രാജ്യമെങ്ങും ഭക്തർ മഹാശിവരാത്രി ആഘോഷിച്ചു. കേരളത്തിലെ പ്രധാന ശിവക്ഷേത്രങ്ങളിലെ പ്രത്യേക പൂജകളിലും ദീപം തെളിയിക്കലിലും ആയിരങ്ങൾ പങ്കെടുത്തു.

ആലുവ മണപ്പുറം മഹാദേവ ക്ഷേത്രത്തിൽ വിവിധ ആഘോഷങ്ങളിൽ നിരവധി ഭക്തരാണ് പങ്കെടുത്തത്. മണപ്പുറത്ത് സജ്ജീകരിച്ച 110 ബലിത്തറകളിൽ ആയിരങ്ങൾ ബലി തർപ്പണം നടത്തുകയാണ്. നാളെ കുംഭത്തിലെ അമാവാസിയായതിനാൽ, നാളെ വരെ വാവുബലി തർപ്പണം നടത്താം.

കോഴിക്കോട് ശ്രീ കണ്ഠേശ്വര ക്ഷേത്രത്തിലെ ശിവരാത്രി മഹോത്സവത്തിന് കൊടിയിറങ്ങി. രാത്രി ആറാട്ട് കഴിഞ്ഞ് ആനപ്പുറത്ത്

എഴുന്നള്ളിപ്പോടെയായിരുന്നു കൊടിയിറക്കം. സമാപന സമ്മേളനം, മേയർ ഒ സദാശിവൻ ഉദ്ഘാടനം ചെയ്തു.

കോഴിക്കോട് മുക്കം ഇരുവഴിഞ്ഞി തീരത്തെ പ്രസിദ്ധമായ തൃക്കുടമണ്ണ ക്ഷേത്രത്തിലും മഹാശിവരാത്രി ഉത്സവം നടന്നു. അഗസ്ത്യന്മുഴിയിൽനിന്ന് ക്ഷേത്രത്തിലേക്ക് വർണശബളമായ വരവാഘോഷം നടത്തി.

✪✪✪

കേരള പൊലീസിന് പുതുതായി വാങ്ങിയ വാഹനങ്ങളുടെ ഫ്ളാഗ് ഓഫ് ഇന്ന്. തിരുവനന്തപുരം പേരൂർക്കട S.A.P ഗ്രൗണ്ടിൽ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ  വാഹനങ്ങൾ ഫ്ലാഗ് ഓഫ് ചെയ്യും.

✪✪✪

സംസ്ഥാനത്ത് SSLC മോഡൽ പരീക്ഷയ്ക്ക് ഇന്ന് തുടക്കമാവും. ഈ മാസം 20 ന് അവസാനിക്കുന്ന രീതിയിൽ രാവിലെയും ഉച്ചയ്ക്കുമായാണ് പരീക്ഷ ക്രമീകരിച്ചിരിക്കുന്നത്. പത്താം ക്ലാസ് പൊതുപരീക്ഷ മാർച്ച് അഞ്ചിന് ആരംഭിച്ച് 30 ന് അവസാനിക്കും.

✪✪✪

കണ്ണൂർ സിറ്റി പൊലീസിന് കീഴിലെ 2024-26 ബാച്ച് സ്റ്റുഡന്റ് പൊലീസ് കേഡറ്റുമാരുടെ സംയുക്ത പാസിംഗ് ഔട്ട് പരേഡ്  ഇന്ന്. രാവിലെ  സ്പീക്കർ A.N ഷംസീർ പരേഡിൽ അഭിവാദ്യം  സ്വീകരിക്കും. കണ്ണൂർ ജില്ലയിലെ 10 SPC വിദ്യാലയങ്ങളിലെ 20 പ്ലാറ്റൂണുകളിലായി 440 സീനിയർ കേഡറ്റുകളാണ് പരിശീലനം പൂർത്തിയാക്കിയത്.

✪✪✪

സാംസ്കാരിക വകുപ്പിന്റെയും കേരള ഫോക്ക്ലോർ  അക്കാദമിയുടെയും നേതൃത്വത്തിൽ  പൊന്ന്യത്തങ്കത്തിന് ഇന്ന് കണ്ണൂരിൽ തുടക്കമാകും. കതിരൂർ പൊന്ന്യം ഏഴരക്കണ്ടത്തിൽ  സ്പീക്കർ A.N ഷംസീർ ഉദ്ഘാടനം ചെയ്യും.

കണ്ണൂരിൽ നിന്ന് K.O ശശീധരൻ...

.....(വോയ്സ് ).....

✪✪✪

കൊളംബോയിൽ ICC പുരുഷ ട്വന്റി - 20 ലോകകപ്പ് ക്രിക്കറ്റിൽ, പാകിസ്ഥാനെ പരാജയപ്പെടുത്തി ഇന്ത്യ, സൂപ്പർ എട്ടിലേക്ക് യോഗ്യത നേടുന്ന രണ്ടാമത്തെ ടീമായി. ഗ്രൂപ്പ് A മത്സരത്തിൽ, 61 റൺസിനാണ് ഇന്ത്യയുടെ ജയം.

176 റൺസ് വിജയലക്ഷ്യം പിന്തുടർന്ന പാകിസ്ഥാൻ, 18 ഓവറിൽ 114 റൺസിന് എല്ലാവരും പുറത്തായി.

ഇന്ന് മൂന്ന് മത്സരങ്ങളുണ്ട്. ഡൽഹിയിൽ ഗ്രൂപ്പ് D മത്സരത്തിൽ, രാവിലെ 11 ന് അഫ്ഗാനിസ്ഥാൻ, UAE യെ നേരിടും. കൊൽക്കത്തയിലെ ഗ്രൂപ്പ് C മത്സരത്തിൽ, വൈകീട്ട് മൂന്നിന്, ഇംഗ്ലണ്ട്, ഇറ്റലിയെ നേരിടും. വൈകിട്ട് ഏഴിന് പല്ലെക്കലെയിൽ, ഓസ്ട്രേലിയ, ശ്രീലങ്കയുമായി ഏറ്റുമുട്ടും.

✪✪✪

ISL ഫുട്ബോളിൽ, ബെംഗലൂരു FC, സ്പോർട്ടിംഗ് ക്ലബ് ഡൽഹിയെ പരാജയപ്പെടുത്തി. ബെംഗലൂരുവിൽ എതിരില്ലാത്ത രണ്ട് ഗോളിനാണ് അഞ്ചാം മത്സരത്തിൽ ബെംഗലൂരുവിന്റെ ജയം. മറ്റൊരു മത്സരത്തിൽ ജംഷഡ്പൂർ, എതിരില്ലാത്ത ഒരു ഗോളിന് മൊഹമ്മദൻ SC യെ തോൽപ്പിച്ചു.

ഇന്ന് ഈസ്റ്റ് ബംഗാൾ, നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. വൈകീട്ട് 7.30 ന് കൊൽക്കത്തയിലാണ് മത്സരം.

✪✪✪

ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷൻ, 2025 - 26 ലെ ഇന്ത്യൻ ഫുട്ബോൾ ലീഗ് സീസൺ മത്സരക്രമം പ്രഖ്യാപിച്ചു. ഈ മാസം 27 ന് ആരംഭിക്കുന്ന ലീഗിൽ, 10 ടീമുകൾ മാറ്റുരയ്ക്കും. ഉദ്ഘാടന മത്സരത്തിൽ, ഗോകുലം കേരള FC, ചൻമാരി FC യെയും, നാംധാരി FC, ഐസ്വാൾ FC-യെയും നേരിടും.

✪✪✪

FIH പുരുഷ പ്രോ ലീഗ് അവസാന മത്സരത്തിൽ അർജന്റീനയോട് ഇന്ത്യ, പരാജയപ്പെട്ടു. റൂർക്കേലയിൽ രണ്ടിനെതിരെ നാല് ഗോളിനാണ് അർജന്റീനയുടെ ജയം.

✪✪✪

ജൈവവൈവിധ്യ സംരക്ഷണം ശക്തിപ്പെടുത്താനും രാജ്യത്തുടനീളം പ്രാദേശിക സമൂഹങ്ങളെ പിന്തുണയ്ക്കാനും ദേശീയ ജൈവവൈവിധ്യ അതോറിറ്റി സാമ്പത്തിക വിഹിതം അനുവദിച്ചു. മഹാരാഷ്ട്ര, മധ്യപ്രദേശ്, തമിഴ്നാട്, പുതുച്ചേരി, മേഘാലയ, ഗുജറാത്ത്, ഒഡീഷ, ആന്ധ്രാപ്രദേശ്, ഹരിയാന എന്നിവയുൾപ്പെടെ ഒമ്പത് സംസ്ഥാനങ്ങളിലെയും, ഒരു കേന്ദ്രഭരണ പ്രദേശത്തെയും 24 ജില്ലകൾക്കാണ് തുക വിതരണം ചെയ്തത്.

✪✪✪

കണ്ണൂർ പെരളശ്ശേരിയിൽ നിർമ്മിച്ച AKG മ്യൂസിയം, നാളെ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷനാകും. മന്ത്രി P.A മുഹമ്മദ് റിയാസ് മുഖ്യാതിഥിയാവും. അഞ്ചരക്കണ്ടി പുഴയോട് ചേർന്ന് മൂന്നര ഏക്കറോളം സ്ഥലത്താണ് മ്യൂസിയം സ്ഥാപിച്ചത്.

രണ്ടു നിലകളിലായി ആറ് ഗ്യാലറികളിലാണ് മ്യൂസിയം സജ്ജീകരിച്ചിരിക്കുന്നത്. AKG യുടെ സമര പോരാട്ടങ്ങൾ, പാർലമെന്റിലെ മികച്ച പ്രകടനങ്ങൾ, സ്വാതന്ത്ര്യസമര പോരാട്ടങ്ങൾ, പ്രക്ഷോഭങ്ങൾ എന്നിവ ചിത്രീകരിക്കുന്ന മിനി തിയേറ്റർ, AKG യുടെ ദീർഘകായ പ്രതിമകൾ, മിനിയേച്ചറുകൾ, പ്രശസ്ത വ്യക്തികളുമായി അഭിമുഖം, സമരങ്ങളുടെ പുനരാവിഷ്കാരം എന്നിവ മ്യൂസിയത്തിൽ ഒരുക്കിയിട്ടുണ്ട്.

✪✪✪

സംസ്ഥാന ഗവണ്മെന്റ് പ്രഖ്യാപിച്ച നാല് സയൻസ് പാർക്കുകളിൽ കണ്ണൂരിൽ ആരംഭിക്കുന്ന പാർക്കിന് മുഖ്യമന്ത്രി പിണറായി വിജയൻ

നാളെ വൈകിട്ട് തറക്കല്ലിടും. അഞ്ചരക്കണ്ടി ചെറിയ വളപ്പിൽ 25 ഏക്കറിൽ, 275 കോടി രൂപ ചെലവിലാണ് സയൻസ് പാർക്ക് സ്ഥാപിക്കുന്നത്.

✪✪✪

കണ്ണൂർ പിണറായി പൊലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടം, നാളെ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി P.A മുഹമ്മദ് റിയാസ് അദ്ധ്യക്ഷനാകും.

പിണറായി കൺവെൻഷൻ സെന്ററിന് സമീപം മൂന്നു നിലകളിലാണ് കെട്ടിടം. വനിത ഹെൽപ്പ് ഡെസ്ക്, വിറ്റ്നസ് എക്സാമിനേഷൻ - മോണിറ്ററിംഗ് റൂമുകൾ, സ്യൂട്ട് റൂം എന്നിവ ഒരുക്കിയിട്ടുണ്ട്.

പിണറായിയിലെ ചേരിക്കൽ–കോട്ടം പാലവും അഞ്ചരക്കണ്ടി പുഴയ്ക്ക് കുറുകെ നിർമ്മിച്ച കീഴത്തൂർ പാലവും മുഖ്യമന്ത്രി നാടിന് സമർപ്പിക്കും.

✪✪✪

മന്ത്രി V അബ്ദു റഹ്മാന്റെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് അത്യാധുനിക സൗകര്യങ്ങളോടെ ഒരുക്കിയ താനൂർ റെയിൽവേ സ്റ്റേഷൻ മന്ദിരം മന്ത്രി മുഹമ്മദ് റിയാസ് നാടിന് സമർപ്പിച്ചു. മന്ത്രി വി അബ്ദുറഹ്മാൻ അധ്യക്ഷനായി.

ഒന്നര കോടി രൂപ ചെലവിട്ടാണ് റെയിൽവേ സ്റ്റേഷൻ നവീകരിച്ചത്.

✪✪✪

സോപാനസംഗീതാചാര്യൻ ഞെരളത്ത് രാമപ്പൊതുവാളിന്റെ ഓർമ്മയ്ക്കായി അങ്ങാടിപ്പുറം തിരുമാന്ധാംകുന്ന് ക്ഷേത്രത്തിൽ നടത്തുന്ന ഞെരളത്ത് സംഗീതോത്സവത്തിന് തുടക്കമായി. 35-ാമത് സംഗീതോത്സവം മലബാർ ദേവസ്വംബോർഡ് പ്രസിഡന്റ് O.K വാസു ഉദ്ഘാടനം ചെയ്തു.

കളമെഴുത്ത് കലാകാരൻ ആനമങ്ങാട് രാമൻകുട്ടി കുറുപ്പിന് ഈവർഷത്തെ ഞെരളത്ത് പുരസ്കാരം പരിപാടിയിൽ സമ്മാനിച്ചു. 10,001 രൂപയും, പ്രശസ്തിപത്രവും, ഇടയ്ക്കയുടെ ദാരുശില്പവും അടങ്ങിയതാണ് പുരസ്കാരം.

✪✪✪

ഗായകൻ എരഞ്ഞോളി മൂസയുടെ സ്മരണയ്ക്ക് എരഞ്ഞോളി മൂസ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ പുരസ്കാരം മാപ്പിളപ്പാട്ട് ഗായകൻ അസീസ് തായിനേരിക്ക് സമ്മാനിച്ചു. കണ്ണൂർ ചേമ്പർ ഹാളിൽ, മേയർ P ഇന്ദിര പുരസ്കാരം കൈമാറി.

✪✪✪

---

**News Editor : ഹബീബ് റഹ്മാൻ**
*News Reader:* **സബിത**
**NRTs: അനുഷ ആത്മപ്രകാശ്**
**DEO : ഷീബ**